**19U581S** (Pages: 2) Name: …………………..

Reg. No: ……………….

**FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2021**

(CUCBCSS- UG)

**CC15U MAL5 B10 – മലയാളസാഹിത്യവിമർശനം**

(Malayalam – Core Course)

(2015 to 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം**

1. ഉന്നതനായ മതദ്രോഹവിചാരകന്റെ കഥ പരാമർശിക്കുന്ന നോവൽ ഏത്?
2. കേരള വാല്മീകി എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?
3. ഒരു സാഹിത്യസൃഷ്ടി നമ്മുടെ അനുഭൂതികളെ സമ്പന്നമാക്കുകയും സൗന്ദര്യബോധത്തെ വികസിപ്പിക്കുകയും ചെയ്യുന്നതല്ലാതെ അവ ജീവിതത്തെ നേരിട്ട് സ്വാധീനിക്കില്ല എന്നതിന് കെ.പി.അപ്പൻ നൽകുന്ന ഉദാഹരണമേത്?
4. കാല്പനികതയിലേക്കുള്ള ചൂണ്ടുവിരലായി കണക്കാക്കപ്പെടുന്ന എ.ആറിന്റെ നിരൂപണം ?
5. പുരോഗമനസാഹിത്യകാരന്മാരെ സമൂഹത്തിലെ വിഷംതീനികളെന്ന് വിശേഷിപ്പിച്ചതാര്?
6. ഗാന്ധിജിയുടെ ദൈനംദിന പ്രാർത്ഥനയുടെ പേര്?
7. വിദ്യാവിനോദിനി പ്രസിദ്ധീകരിച്ച വർഷം?
8. ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ എന്നിവരെക്കുറിച്ച് വിശദപഠനം നടത്തിയ നിരൂപകൻ ?
9. രൂപഭദ്രതാവാദത്തിന്റെ അവതാരകൻ?
10. റൊമാന്റിസിസത്തെ മാനംനോക്കി പ്രസ്ഥാനം എന്ന് വിശേഷിപ്പിച്ചതാര്?

**(10 × ½ = 5 Marks)**

**II. എല്ലാചോദ്യത്തിനും ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. രണ്ട് മാർക്കുവീതം**

11. സ്യഷ്ടിയെ സംബന്ധിച്ച സ്വാതന്ത്ര്യത്തിന്റെ പ്രശ്നങ്ങൾ അന്തർഭവിച്ചിരിക്കുന്നതെവിടെയാണ്?
12. ലാവണ്യനിയമം -കുറിപ്പ് എഴുതുക.
13. രചനയെ സംബന്ധിച്ച് 'ഒരു കവിത ജനിക്കുന്നു' എന്ന ലേഖനത്തിൽ സുഗതകുമാരി എന്താണ് എഴുതിയത്?
14. പോഷകവിമർശനം എന്നാലെന്ത്?
15. ചെമ്മീൻ നിരൂപണത്തെക്കുറിച്ച് ഗുപ്തൻനായരുടെ അഭിപ്രായമെന്ത്?

**(5 × 2 = 10 Marks)**

**III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഖണ്ഡികയിൽ ഉത്തരമെഴുതുക. അഞ്ചുമാർക്കു വീതം**

16. എഴുത്തുകാരന്റെ രചനയുടെ പിന്നിൽ ഇത്തരമൊരന്വേഷണമുണ്ട്. ആശയം വിശദമാക്കുക.
17. ജാതിയും സാമ്പത്തികവസ്ഥയും തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തിയിരുന്നു. എം.ഗോവിന്ദന്റെ ലേഖനത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
18. 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനം ശാകുന്തളത്തിന്റെ സ്ത്രീപക്ഷ വായനയാകുന്നുണ്ടോ? ചർച്ച ചെയ്യുക.
19. ഉണ്ണുനീലീ സന്ദേശത്തിലെ അങ്ങാടി വർണ്ണനകളെക്കുറിച്ച് വേലുപ്പിള്ള ശാസ്ത്രികളുടെ അഭിപ്രായമെന്ത്?
20. പ്രാസവാദം - കുറിപ്പെഴുതുക.
21. സാഹിത്യപഞ്ചാനനന്റെ വിമർശനത്തിന്റെ പ്രത്യകതകൾ എന്തെല്ലാം?
22. കേരളവർമ്മയുടേയും അച്യുതമേനോന്റേയും വിവർത്തനരീതി എന്താണെന്ന്
വിശദമാക്കുക.

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്കുവീതം**

23. ആശാന്റെ സീതാകാവ്യം ആധുനിക കാലഘട്ടത്തിലെ രാമായണമെന്ന് അഴീക്കോട് സമർത്ഥിക്കുന്നതെങ്ങന?
24. പത്രപ്രവർത്തനവും സാഹിത്യവിമർശനവും ചർച്ചചെയ്യുക.
25. ആദ്യകാല വിമർശനത്തിന്റെ സവിശേഷതകൾ ചർച്ചചെയ്യുക.
26. അക്കാദമിക പാണ്ഡിത്യത്തിനെതിരായ കലാപമാണ് കെ. പി. അപ്പന്റെ വിമർശനകലയുടെ കാതൽ. ചർച്ചചെയ്യുക.
27. വാല്മീകിയുടെ രാമൻ എന്ന ലേഖനത്തിൽ ശ്രീരാമൻ എല്ലാ വികാര വിചാരങ്ങളുമുള്ള സാധാരണ മനുഷ്യനാണെന്ന് മാരാർ സമർത്ഥിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.
28. ഹാസ്യത്തിന്റെ ഉല്പത്തി എന്ന ലേഖനത്തിലെ എം. പി. പോളിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക

**(4 × 10 = 40 Marks)**

*******